പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1225 11.06.2019 ൽ മറുപടിക്ക്

## കോഴിക്കോട്-പാലക്കാട് ദേശീയ പാതയിൽ റോഡ് കട്ടിംഗ് അനുവാദം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കോഴിക്കോട്-പാലക്കാട് ദേശീയ പാത 966 ൽ കി.മി. 62/000 നും 62/500 നും ഇടയിൽ പനങ്ങാക്കര ടൗണിന് സമീപം റ്റൂർക്കനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി ദേശീയ പാത വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ടോ; | എ) ഇല്ല |
| ബി) കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യം ഉള്ള പ്രവൃത്തിയായിട്ടും കഴിഞ്ഞ 6 മാസക്കാലമായി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ദേശീയ പാത വിഭാഗത്തിൽ നിന്നും അനുമതി ലഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;<br><br>സി) ഈ വിഷയത്തിൽ ഉണ്ടായ കാലതാമസം ഗൗരവകരമായി കാണുമോ;<br>ഡി) പ്രസ്തുത വിഷയത്തിന്മേൽ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ? | ബി) സി) & ഡി) ദേശീയപാതയിൽ റോഡ് കട്ട് ചെയ്യുന്നതിനുള്ള അനുമതി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്നാണ് ലഭിക്കേണ്ടത്. ടി വിഷയം ഗൗരവം കണക്കിലെടുത്ത് അനുമതി ലഭിക്കുന്നതിനു വേണ്ടി 22.01.2019 തീയതിയിൽ ശുപാർശ കത്ത് മലപ്പുറം ദേശീയപാത ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ